Lalith Babu

## വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ സമർപ്പിക്കുമ്പോൾ ആയത് വളരെ വ്യക്തതയോടെയായിരിക്കണം നൽകേണ്ടത് എന്ന് വിവരാവകാശ കമ്മീഷൻ

4. 27/3/2023 തീയതിയിൽ അപ്പീൽ ഹർജിക്കാരനായ ശ്രീ. സദാനന്ദ നായിക് 10 ഇനം വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടാണ് വിവരാവകാശ നിയമം 6(1) വകുപ്പു പ്രകാരം അപേക്ഷ ഒന്നാം എതിർകക്ഷി മുമ്പാകെ നൽകിയത്. സമയപരിധിക്കുള്ളിൽതന്നെ ഒന്നാം എതിർകക്ഷി ആയതിന് മറുപടി നൽകി കാണുന്നു. തപാൽ നമ്പരോ, പരാതിയിൽ പരാമർശിച്ച വിഷയമോ വ്യക്തമാക്കാത്ത സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും നൽകാൻ സാധിക്കയില്ലെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി തൃപ്തികരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ നിയമ പ്രകാരം ഒരു അപേക്ഷ സമർപ്പിക്കുമ്പോൾ ആയത് വളരെ വ്യക്തതയോടെ ആയിരിക്കണം നൽകേണ്ടത്. അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്പഷ്ടമായി രേഖപ്പെടുത്തിയാൽ മാത്രമേ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് തന്റെ നിയമപരമായ കടമ നിർവ്വഹിക്കാൻ സാധിക്കുകയുള്ളു. അപേക്ഷ അവ്യക്തമായതിനാലും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരായി വ്യക്തത വരുത്താത്തതിനാലും ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടി തൃപ്തികരമായതിനാലും അപ്പീലിലെ പ്രാർത്ഥനകൾ അനുവദനീയമല്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇക്കാരണത്താൽ ഹർജിക്കാരന്റെ അപ്പീൽ തള്ളി ഇന്നേ ദിവസം 2024 ജൂലൈ 31-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

വി. ഹരി നായർ

മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)